## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1556 04.12. 2015- ലെ മറുപടി

**<u>പ്രവാസി മലയാളികളുടെ ക്ഷേമം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** | **ശ്രീ. കെ. സി. ജോസഫ്**<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി മലയാളികളുടേയും കുടുംബങ്ങളുടെയും ക്ഷേമം മുൻ നിർത്തി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ)പ്രവാസി മലയാളികളുടേയും കുടുംബങ്ങളുടെയും. മടങ്ങി വരുന്ന പ്രവാസികളുടെയും ക്ഷേമത്തിനായി സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) സ്വദേശിവൽക്കരണം മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന പ്രവാസികൾക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) & (സി) സ്വദേശി വൽക്കരണം മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ആരംഭിച്ച NDPREM പദ്ധതി പ്രകാരം 1022 പേർക്ക് സ്വയം തൊഴിൽ വായ്പ അനുവദിക്കുകയും പദ്ധതി അനുശാസിക്കുന്ന സബ്സിഡി ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) പ്രസ്തുത പദ്ധതികൾ പ്രകാരം ഇത് വരെ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)

വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

## 2. പ്രവാസി നിയമ സഹായ സെൽ (PLAC)

തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസികളുടെ സഹായത്തോടെ നിയമസഹായം നൽകുന്നതിനുള്ള സമഗ്ര പദ്ധതി. കേരളത്തിലെ എല്ലാ ജില്ലകളിലും ഇന്ത്യയിലെ മലയാളികൾ അധിവസിക്കുന്ന പ്രദേശങ്ങളിലും പ്രത്യേകിച്ചും ഡൽഹി, മുംബൈ, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ്, ബറോഡ എന്നീ സ്ഥലങ്ങളിൽ നിയമ ബോധവത്ക്കരണ ക്ലാസ്സുകളും ഈ പദ്ധതിയിലൂടെ സംഘടിപ്പിച്ചുവരുന്നു.

## 3 സ്വപ്ന സാഫല്യം

തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റങ്ങൾക്കും വിദേശജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിനുള്ള പദ്ധതി.

## 4. സാന്ത്വന

തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ ധനസഹായം, വിവാഹ ധന സഹായം, മരണമടയുന്ന പ്രവാസികളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായം എന്നിവ നൽകി വരുന്നു.

## 5. എൻ.ആർ.കെ ഇൻഷുറൻസ് കാർഡ്

മറുനാടൻ മലയാളികൾക്കുള്ള (അന്യസംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾ) തിരിച്ചറിയൽ കാർഡ് നൽകി വരുന്നു. നോർക്ക സഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചറിയൽ കാർഡായി ഇത് ഉപയോഗിക്കാം. അപകടമരണം, സ്ഥിരം/പൂർണ്ണ വൈകല്യം എന്നിവയക്ക് 2 ലക്ഷം (പരമാവധി) രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപ വരെ നൽകി വരുന്നു.

6. പ്രവാസികൾക്ക് നോർക്കയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്കാ റൂട്ട്സ് സെല്ലുകൾ മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ എന്നിവ പ്രവർത്തിക്കുന്നു.

7. <u>നോർക്കാ റൂട്ട്സ് ചെയർമാൻ ഫണ്ട്</u>

നോർക്കാ റൂട്ട്സ് മുഖേന സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ നിശ്ചിത ശതമാനം. അർഹതയുള്ള പ്രവാസികൾക്ക് ബോർഡിന്റെ അംഗീകാരത്തോടെ ധനസഹായം നൽകുന്നു.

8. <u>കാരുണ്യം</u>

പ്രവാസി മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള പ്രത്യേക നിധി.

9. കേരള പ്രവാസി ക്ഷേമ നിധി അംഗങ്ങൾക്ക് പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസ ഗ്രാന്റ്, കുടുംബ പെൻഷൻ, മരണാനന്തര ധനസഹായം മുതലായ ആനുകൂല്യങ്ങൾ പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന ലഭ്യമാക്കുന്നുണ്ട്.

(signature)

സെക്ഷൻ ഓഫീസർ